മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

# വാർത്താക്കുറിപ്പ്

2025 ഓഗസ്റ്റ് 18

---

## യു.ജി.സി-നെറ്റ്/ജെ.ആർ.എഫ് പരീക്ഷ; സൗജന്യ പരിശീലനം

*മാനവിക വിഷയങ്ങളിലെ യുജിസി നെന്റ്/ജെ.ആർ.എഫ്. പരീക്ഷകളുടെ ജനറൽ പേപ്പറിന് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ നടത്തുന്ന സൗജന്യ പരിശീലനത്തിന് ഇപ്പോൾ അപേക്ഷിക്കാം. സെപ്തംബറിൽ ആരംഭിക്കുന്ന പരിശീലന പരിപാടിയിൽ ശനി, ഞായർ ദിവസങ്ങളിലും അവധി ദിവസങ്ങളിലുമാണ് ക്ലാസുകൾ. അപേക്ഷകൾ നേരിട്ട് സമർപ്പിക്കണം. ഫോൺ- 0481-2731025, 9495628626*

*(പി.ആർ.ഒ/39/1953/2025)*

## ഓണേഴ്സ് ബിരുദം; അന്തിമ അലോട്ട്മെന്റ് മൂന്നാം ഘട്ടം

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള മൂന്നാം ഘട്ട അന്തിമ അലോട്ട്മെൻറിനായി ഓഗസ്റ്റ് 19ന് വൈകുന്നേരം അഞ്ചുവരെ രമു.ാഴൗ.മര.ശിൽ രജിസ്റ്റർ ചെയ്യാം.നിലവിൽ പ്രവേശനമെടുത്തവർ അപേക്ഷിക്കേണ്ടതില്ല.*

*(പി.ആർ.ഒ/39/1954/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി ഇലക്ട്രോണിക്സ് (2023 അഡ്മിഷൻ തോറ്റവർക്കുള്ള സ്പെഷ്യൽ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 28 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

.................

*മൂന്നാം സെമസ്റ്റർ എംഎസ്സി ഫിസിക്സ് (2023 അഡ്മിഷൻ തോറ്റവർക്കുള്ള സ്പെഷ്യൽ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്തംബർ രണ്ടു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1955/2025)*

## പരീക്ഷക്ക് അപേക്ഷിക്കാം

*ഒന്നാം വർഷ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ആർക്കിയോളജി ആന്റ് മ്യൂസിയോളജി പ്രോഗ്രാം (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2016 മുതൽ 2018 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ സെപ്തംബർ 10 മുതൽ നടക്കും. ഓഗസ്റ്റ് 25 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഓഗസ്റ്റ് 26 വരെയും സൂപ്പർ ഫൈനോടുകൂടി ഓഗസ്റ്റ് 27 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1956/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**